# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി 5-1362/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി 5-1362/2022 തീയ്യതി: 23/07/2022

## കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-06-2022 | 21-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 21-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ. ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ലേഖ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ജാസ്മിൻ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എസ് ശൈലജാകുമാരി | പ്രസിഡന്റ് | 01-04-2020 | 11-06-2020 |
| രവി.വി.സോമൻ | പ്രസിഡന്റ് | 12-06-2020 | 10-11-2020 |
| ശ്രീമതി ബീന നൗഷാദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഹരികുമാർ.എസ്. | സെക്രട്ടറി | 01-04-2020 | 08-06-2020 |
| മേരിസൺ മൈക്കിൾ | സെക്രട്ടറി | 09-06-2020 | 02-02-2021 |
| ശ്രീ.സജിത്.റ്റി | സെക്രട്ടറി | 03-02-2021 | 04-03-2021 |
| ശ്രീമതി.ഹസീന അഹമ്മദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സത്മ. എംസി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. മാത്യു ഫിലിപ് | വെറ്റനറി സർജൻ | 01-04-2020 | 31-08-2020 |
| ഡോ.മായാ ജെയിംസ് | വെറ്റനറി സർജൻ | 01-09-2020 | 31-03-2021 |
| ശ്രീമതി ലൈലാമോൾ വർഗീസ് | വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. കെ ബീന | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ.അഞ്ജന എൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. രാജേഷ് എബ്രഹാം | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീമതി സിസിലിക്കുട്ടി ജോസഫ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അമിതാമോൾ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| സോണി രാജ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-02-2021 |
| ശ്രീമതി ബ്ളെസി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ | 16-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.ജെ.ഗിരീഷ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ഹസീന അഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |

11.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേഷൻ ഭരണം.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-1 |
| 2 | വാർഷിക കണക്ക് പരിശോധന<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Maya R (Audit Officer, On 17-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Lekha V (Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Sunil Kumar G (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasmine (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Maya R (Audit Officer, On 21-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Maya R (Audit Officer, On 17-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-10 |
| 11 | ഡിജിറ്റൽ രസീതുകളുടെ വിനിമയം - അപാകതകൾ<br>Written By: Jasmine (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-11 |
| 12 | ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി വായ്പ എടുക്കാതെ വായ്പാ തുക സ്രോതസ്സിൽ കുറവ് ചെയ്തിരിക്കുന്നു<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 14-07-2022) | 1-12 |
| 13 | ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല<br>Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-14 |
| 15 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത<br>Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-15 |
| 16 | വസ്തുനികുതി -കുടിശ്ശിക അവശേഷിക്കുന്നു. | 1-16 |

| | | |
|---|---|---|
| | Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | |
| 17 | തൊഴിൽ നികുതി ഈടാക്കിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-17 |
| 18 | മാർക്കറ്റ് കട മുറികൾ അറ്റകുറ്റപ്പണി നടത്തുകയോ പൊളിച്ച് പുതിയവ നിർമ്മിക്കുകയോ ചെയ്തില്ല – ലേലം നടക്കാത്തതിനാൽ വരുമാനം നഷ്ടം<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-18 |
| 19 | ലൈസൻസ് സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-19 |
| 20 | നീക്കം ചെയ്ത ഷീറ്റ് ഉരുപ്പടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-20 |
| 21 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-21 |
| 22 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 314500/- രൂപ തിരികെ ഈടാക്കണം<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-22 |
| 23 | പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-23 |
| 24 | മഴക്കാലപൂർവ്വശുചീകരണം -തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ചില്ല.<br>Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-24 |
| 25 | ജില്ലാപഞ്ചായത്തിൽ നിന്നും വിവിധ പ്രൊജക്റ്റുകൾക്കായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല.<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-25 |
| 26 | വയോജനവിശ്രമകേന്ദ്രം- ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം പൂർണ്ണമായും ആസ്തിയിലുൾപ്പെട്ടിട്ടില്ല<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-26 |
| 27 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു<br>Written By: Jasmine (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-27 |
| 28 | ആശ്രയപദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും നൽകിയ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-28 |
| 29 | സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയിരിക്കുന്നു<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-29 |

| | | |
|---|---|---|
| 30 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-30-1 |
| 31 | പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 13-07-2022) | 1-30-2 |
| 32 | പാലിയേറ്റീവ് കെയർ പദ്ധതി - മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല, പി.എം.സി.യോഗം യഥാസമയം കൂടിയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-31 |
| 33 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-32 |
| 34 | ലൈഫ് ഭവനപദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-33 |
| 35 | കോവിഡ് പ്രതിരോധപ്രവർത്തനം.<br>Written By: Darsana V (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-34 |
| 36 | ബാരൽ വില തിരികെ അടച്ചു - ഓഡിറ്റ് ഇംപാക്ട്<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു<br>Written By: Sinimol Francis (Computer Assistant, On 11-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Maya R (Audit Officer, On 17-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Maya R (Audit Officer, On 17-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Lekha V (Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lekha V (Audit Officer, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-6 |
| 7 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Maya R (Audit Officer, On 21-06-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Maya R (Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 13/03/2020 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22/02/2021 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | വാർഷിക കണക്ക് പ്രകാരം ലഭ്യമായത് |
|---|---|---|
| മുന്നിരിപ്പ് | 23193587 | 27829022 |
| വരവ് | 182079000 | 87564629 |
| ആകെ | 205272587 | 115393651 |
| ചെലവ് | 187685000 | 82881587 |
| നീക്കിയിരുപ്പ് | 17587587 | 32512064 |

20.52കോടി രൂപയുടെ പ്രതീക്ഷിത വരവും 18.76 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 14.70 കോടി രൂപയും ചെലവ് 14.77 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്ക് പരിശോധന

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അസ്സറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3.വാടക അരിയർ കളക്ഷൻ ഇനത്തിൽ രജിസ്റ്ററിൽ വരവ് 120236/- രൂപയും ആർ.പി. 45 ലെ വരവ് 123492/- രൂപയുമാണ്. ഈയിനത്തിൽ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ 3256/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

4.തൻ വർഷ ലൈസൻസ് ഫീസ് ഇനത്തിൽ രജിസ്റ്ററിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 144230/- രൂപയും എന്നാൽ ആർ.പി. 45 ലെ വരവ് 143735/- രൂപയുമാണ്. ഈയിനത്തിൽ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ 495/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

5.ലൈസൻസ് ഫീസ് ഇനത്തിലെ ഡിമാന്റ് തുക രജിസ്റ്ററിൽ 144230/- രൂപയും എന്നാൽ I-4 ലെ ഡിമാന്റ് 144735/- രൂപയുമാണ്. ഈയിനത്തിൽ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ 505/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

6.ലൈസൻസ് ഫീസ് ഇനത്തിൽ 2019-20 എ.എഫ്.എസ് ബി-15 ഷെഡ്യൂളിൽ തുകയൊന്നും പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നില്ല. എന്നാൽ 2020-21 ലെ വാർഷിക ധനകാര്യ പത്രികയിൽ അരിയർ കളക്ഷനായി 4200/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

7. വാടക ഡിപ്പോസിറ്റ് (Rent Deposit) ഇനത്തിൽ രജിസ്റ്റർ പ്രകാരം 27400/- രൂപ റീഫണ്ട് ചെയ്തിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ആർ.പി.33 ൽ 20000/- രൂപയാണ് റീഫണ്ടായി കാണിച്ചിട്ടുള്ളത്.

8.Advance To Implementing Officers (460500501) എന്ന ഹെഡിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുക വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

9.തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചറിൽ (I-16) തൻവർഷ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10. ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതു സംബന്ധിച്ച വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

11.ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ സ്പെഷ്യൽ ഗ്രാന്റുകളുടെ വരവ്, ചെലവ്, ബാലൻസ് കണക്കുകൾ രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല (ഉദാ.ജലനിധി, ഐ.സി.ഡി.എസ്, സാക്ഷരത, ഖര മാലിന്യ സംസ്കരണം...).

12.ഐ.എൽ.ജി.എം.എസിൽ ഹെഡുകൾ പുനഃക്രമീകരിച്ചതിനാൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ പലതും ഒരേ ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി ഹരിത കർമ്മസേനയുടെ ജില്ലാ ശുചിത്വ മിഷനിൽ നിന്നുള്ള തുകയും ലൈഫ് മിഷൻ (സ്റ്റേറ്റ് ഷെയർ) ചേർത്ത് 320300199 Grant, Funds & Contributions For Specific Purposes – Other Government Agencies എന്ന ഹെഡിലും സാക്ഷരത, PBIG തുടങ്ങിയ ഫണ്ടുകൾ ഉൾപ്പെടുത്തി 320200399 Grant, Funds & Contributions For Specific Purposes – Other Than Development Fund എന്ന ഹെഡിലുമാണ് ചേർത്തിട്ടുള്ളത്. ടി ഹെഡുകളിൽ യഥാക്രമം 201200/- രൂപയും 975354/- രൂപയും അവശേഷിക്കുന്നു. രജിസ്റ്റിൽ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ടി തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

പി.ഡി.ഇ അപാകതകൾ

27.9.2020 ൽ സാംഖ്യ സോഫ്റ്റ് വെയർ പ്രവർത്തനം അവസാനിപ്പിച്ച് അതുവരെയുള്ള ഡേറ്റ ഐ.എൽ.ജി.എം.എസിൽ പി.ഡി.ഇ ചെയ്തപ്പോൾ ഉണ്ടായ പ്രധാന അപാകത ചുവടെ ചേർക്കുന്നു.

1.സാംഖ്യയിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂളിലെ Contribution Towards Joint Venture Project – From Block Panchayaths (160300102) എന്ന ഹെഡിലെ 2255500/- രൂപയ്ക്ക് പകരമായി അതേ തീയതിയിൽ ഐ.എൽ.ജി.എം.എസിൽ പി.ഡി.ഇ ചെയ്തപ്പോൾ ഇതേ ഹെഡ് 2 തവണ ചേർക്കുകയും തുക തെറ്റായി ചേർക്കുകയുമുണ്ടായി. ഒരു ഹെഡിൽ യഥാർത്ഥ തുകയായ 2255500/- ചേർക്കുകയും ഒരു ഹെഡിൽ 1556000/- എന്ന തുക അധികമായി ചേർക്കുകയും ചെയ്തു. അതിനാൽ ഐ.എൽ.ജി.എം.എസ് ഷെഡ്യൂൾ I-6 ൽ 1556000/- അധികമായി നിലനിൽക്കുന്നു.

2.സാംഖ്യയിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-14(a) ഷെഡ്യൂളിലെ Decentralised Plan Program – Service Sector- Housing (General-251300101, SCP-251300102, TSP-251300103) എന്ന ഹെഡുകളിലെ ആകെ തുകയായ 6119220/- രൂപയ്ക്ക് പകരമായി അതേ തീയതിയിൽ ഐ.എൽ.ജി.എം.എസിൽ പി.ഡി.ഇ ചെയ്തപ്പോൾ 6119220/- രൂപ 2 തവണ ചേർക്കുകയും (ഹെഡ് കോഡ് 251140001, 251140004) തുക ഇരട്ടിക്കുകയുമുണ്ടായി. അതിനാൽ ഐ.എൽ.ജി.എം.എസ് ഷെഡ്യൂൾ I-14(A) ൽ 6119220/- രൂപ അധികമായി നിലനിൽക്കുന്നു.

3.സാംഖ്യ I-18 ഷെഡ്യൂൾ Prior Period Items എന്ന ഷെഡ്യൂൾ ഐ.എൽ.ജി.എം.എസിൽ I-18 Prior Period Expenditure, I-19 Prior Period Income എന്നിങ്ങനെ വിഭജിക്കുകയുണ്ടായി. ഐ.എൽ.ജി.എം.എസിൽ പി.ഡി.ഇ ചെയ്തപ്പോൾ തെറ്റായിട്ടാണ് ചേർത്തിട്ടുള്ളത്. സാംഖ്യയിൽ Prior Period Items ന്റെ ആകെ തുക 25372 ആണെന്നിരിക്കെ ഷെഡ്യൂൾ വിഭജിച്ചപ്പോൾ

ഐ.എൽ.ജി.എം.എസിൽ ആകെ തുക -10804/- രൂപയുമായി. ആകെ തുകയിൽ ഇതിനാൽ -10804/- രൂപയുടെ വ്യത്യാസമുണ്ടായി. (Prior Period Expenditure + Prior Period Income = -25372+14568= -10804)

4.RP-16ൽ Revenue Expense - Service Sector വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട മരുന്ന് വാങ്ങൽ ചെലവുകൾ Revenue Expense - Productive Sector ലാണ് ചേർത്തിട്ടുള്ളത്. (ഉദാ.Purchase Of Homeo Medicines(head Code 251110208), Allopathy Medicines (Head Code 251110008 And Ayurvedha Medicines (Head Code 251110109).

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയും എയിംസ് വഴി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

എയിംസ് വഴി സമർപ്പിക്കപ്പെട്ട വാർഷിക ധനകാര്യപത്രികയിലെ റെസീപ്റ്റ് &പെയ്മെന്റ്, ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ പൊരുത്തമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഭാഗം/ഷെഡ്യൂൾ | ഓഡിറ്റ് ചെയ്ത AFSപ്രകാരമുള്ള തുക | എയിംസ് വഴി സമർപ്പിച്ച AFS പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| ഇൻകം & എക്സ്പെൻഡിച്ചർ | 147050280 (Total Income) | 147195548 * (Total Income) | 145268 |
| Gross Surplus/Deficit Income Over Expenditure | -652161 (Before Prior Period Item) | 652161 (Before Prior Period litem) | 1304322 |
| | 626676 (After Prior Period Item) | 771944 (After Prior Period Item) | 145268 |

* എയിംസ് വഴി സമർപ്പിക്കപ്പെട്ട AFS-ൽ ഇൻകം ഭാഗത്ത് I-19 Prior Period Income എന്ന ഒരു ഹെഡ് കൂടി ചേർത്തിട്ടുണ്ട്. ടി ഹെഡിൽ 145268/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി ഹെഡും തുകയും ഓഡിറ്റ് ചെയ്ത AFS ലെ ഇൻകം ഭാഗത്ത് ഉൾപ്പെട്ടിട്ടില്ല. ടി തുകയാണ് രണ്ട് AFSകളിലേയും വ്യത്യാസത്തിന് കാരണം. എയിംസ് വഴി സമർപ്പിച്ച AFSൽ Total Income 147195548/- ന് പകരം ഓഡിറ്റ് ചെയ്ത AFS-ലെ ആകെ ഇൻകം ആയ 147050280/- എന്ന് സാങ്കേതികമായി എഴുതി ചേർക്കുക മാത്രമാണ് ചെയ്തത്. ആയതിനാൽ Gross Income Over Expenditure എന്ന ഹെഡിൽ Before Prior Period Item, After Prior Perod Item എന്നിവയും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27829022/- |
| ഓഡിറ്റ് വർഷത്തെ വരവ് | 87564629/- |
| ആകെ | 115393651/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82881587/- |
| നീക്കിയിരിപ്പ് | 32512064/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26360/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2580651/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പടെ) | ആകെ | ചെലവ് | നീക്കി യിരുപ്പ് (ലാപ്സായ തുക) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 0 | 14166000 | 14166000 | 13263750 | 902250 | 93.6 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 4987000 | 4987000 | 3124707 | 1862293 | 62.65 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 365063 | 365063 | 350333 | 14730 | 95.96 |
| മെയ്ന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 8870,000 | 8870,000 | 8858123 | 11877 | 99.86 |
| മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 4023000 | 4023000 | 4023000 | 0 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 5520000 | 5520000 | 3383944 | 2136056 | 61.3 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 10156725 | 10156725 | 7872713 | 2284012 | 77.5 |
| പൊതുഅവശ്യ ഗ്രാന്റ് | --- | 10702662 | 10702662 | 1521263 | 9181399 | ----- |
| ശുചിത്വമിഷൻ ഗ്രാന്റ് | 4110 | 0 | 4110 | 0 | 4110 | |
| ഖരമാലിന്യസംസ്കരണം | 38001 | 1132177 | 1170178 | 647408 | 522770 | |
| ഐ.സി.ഡി.എസ് | 74354 | 573272 | 647626 | 559483 | 88143 | |
| ജലനിധി | 4891842 | 9425802 | 14317644 | 1235875 | 13081769 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1223936 | 2877230 | 4101166 | 3776730 | 324436 | |
| ജില്ലാപഞ്ചായത്ത് വിഹിതം | 1798359 | 5098590 | 6896949 | 5098590 | 1798359 | |

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28.01.2021ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 16/12/19 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 18/12/19 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 2/01/20 മുതൽ 15/01/20 വരെ |
| ഊരുകൂട്ടം /വയോജന/ ഭിന്നശേഷി | 21/12/2019,18/01/20 |

| | |
|---|---|
| ഗ്രാമസഭ | |
| വികസന സെമിനാർ | 18/12/19 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 2/7/20 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 113739856/- രൂപയും ആകെ ചെലവ് 60647680/- രൂപയുമാണ്. ചെലവുശതമാനം 53.32%.

സ.ഉ (സാധാ)നം. 2904/2021/ധന തീയതി 25-3-21, ഉത്തരവ് പ്രകാരം 2020-21ൽ ബജറ്റ് വിഹിതം ധനകാര്യകമ്മീഷൻ ഒഴികെയുള്ള വികസനഫണ്ട് 90%ൽ കൂടുതൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സ്പിൽ ഓവർ പദ്ധതികൾക്കുള്ള ക്യാരി ഓവർ വിഹിതമായി അർഹമായ തുകയുടെ 50% തുക 1574000/-രൂപ ജനറൽ വിഭാഗത്തിലും, 38750/-രൂപ എസ്.സി.പി ഫണ്ടിലും ലഭിച്ചിരുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 2032900 | 1894264 | 93.18 |
| വെറ്ററിനറി സർജൻ | 4 | 4 | 3690000 | 3666000 | 99.34 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1050325 | 1031812 | 98.23 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 600000 | 600000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1230000 | 166616 | 13.54 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 18 | 17 | 60894581 | 19772322 | 32.46 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 4155614 | 3864989 | 93 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 2261858 | 1011858 | 44.73 |
| സെക്രട്ടറി | 18 | 17 | 60894581 | 19772322 | 32.46 |
| അസി.എഞ്ചിനീയർ | 94 | 83 | 25641871 | 21564781 | 84 |
| ഹെഡ്മാസ്റ്റർ | 5 | 5 | 1290480 | 1283052 | 99.4 |
| അസി.സെക്രട്ടറി | 4 | 3 | 701000 | 537817 | 76.72 |
| ആകെ | 181 | 158 | 113739856 | 60647680 | 53.32 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല - 72.11ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2020-21 കാലയളവിലെ സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 100%, മെയിന്റനൻസ് ഗ്രാന്റ് റോഡ് 99.86%, വികസന ഫണ്ട് പൊതുവിഭാഗം 93.6%, വികസനഫണ്ട് (ടി.എസ്.പി)95.96% ചെലവഴിക്കാൻ സാധിച്ചുവെന്നത് മികച്ച നേട്ടമാണ്. എങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗം 61.3%, ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) 77.5% ആണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 29 പ്രോജക്ടുകളിൽ 21 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായും വി.ഇ.ഒ ചെലവഴിച്ചെങ്കിലും വകയിരുത്തിയ തുക വളരെ വലിയ തുകയായിരുന്നതിനാൽ വി.ഇ.ഒ യുടെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (ചെലവ് ശതമാനം 32.46% ). ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 902250 |
| വികസനഫണ്ട്-എസ്.സി.പി | 1862293 |
| വികസനഫണ്ട്- ടി.എസ്.പി. | 14730 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 2284012 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 2136056 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 11877 |
| ആകെ ലാപ്സായ തുക | 72,11,218 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 72.11 ലക്ഷം രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 72.11 ലക്ഷം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10920 | 16 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3596200 | 184 |
| വിധവാപെൻഷൻ | 15145800 | 793 |
| വാർദ്ധക്യകാലപെൻഷൻ | 29225500 | 1635 |
| വികലാംഗപെൻഷൻ | 3966200 | 205 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 980200 | 50 |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21-ൽ ലേബർ ബജറ്റ് പ്രകാരം 157 പദ്ധതികൾ വിഭാവനം ചെയ്തതിൽ 134 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിച്ചു. ആയതിൽ 61 എണ്ണം തൻവർഷം പൂർത്തിയാക്കി. 2020-21 വർഷം 57174 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 849 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കോഴിക്കൂട് നിർമ്മാണം, കന്നുകാലിക്കൂട് നിർമ്മാണം, കൃഷിയ്ക്ക് നിലം ഒരുക്കൽ, മഴക്കുഴി നിർമ്മാണം എന്നിവയാണ് 2020-21 ൽ നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. NREGS വരവ്-ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 205444.76 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 21955064 | 23559680 |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 1604616 | |
| ആകെ | | | 23765124.76 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 16548587 | 23721312.5 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 2207576 | |
| | ഉപകരണങ്ങളുടെ വില, വാടക | 3198901 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1766248.5 | |
| നീക്കിയിരുപ്പ് | | | 43812.26 |
| ആകെ | | | 23765124.76 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 13.06.2022 4 PM-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16375/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി/നികുതിയേതര കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2021 | 4/20 മുതൽ 6/21 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.2017 | 2009-10 മുതൽ 2013-14 വരെ | LBA(H)II/ACM-2018/19/2/46 തീയതി 07.05.2019 |

## 1-11 ഡിജിറ്റൽ രസീതുകളുടെ വിനിമയം - അപാകതകൾ

പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതു മുതൽ ക്യൂ ആർ കോഡ് അടങ്ങിയ ഡിജിറ്റൽ ക്യാഷ് രസീതുകളും കൈപ്പറ്റ് രസീതുകളുമാണ് യഥാക്രമം വരവുകൾക്കും സേവനങ്ങൾക്കും നൽകുന്നത്. 28/09/2020 മുതൽ 31/12/2021 വരെയുള്ള രസീതുകൾ 2020-21 ഓഡിറ്റിന്റെ ഭാഗമായി പരിശോധനയ്ക്ക് വിധേയമാക്കി. രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 28/09/2020 മുതൽ 31/12/2021 വരെ 4 എണ്ണം രസീത് കൗണ്ടറുകൾ ആരംഭിച്ചെങ്കിലും എല്ലാ കൗണ്ടറുകളിലും ഇടപാടുകൾ നടന്നിട്ടില്ല. ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ (കൗണ്ടർ നമ്പർ :1) മാത്രമേ നിലവിൽ ഇടപാടുകൾ നടക്കുന്നുള്ളു.
2. ക്യാമ്പ്/ഇന്ററപ്റ്റഡ് രസീതിനായി മാന്വൽ രസീതുകളാണ് ഉപയോഗിക്കുന്നത്. മാന്വൽ രസീതിന് തത്തുല്യമായ ഡിജിറ്റൽ രസീത് അതേ രസീത് നമ്പരിൽ തന്നെ ILGMS-ൽ കൈകാര്യം ചെയ്യുന്നത്. എന്നാൽ പഞ്ചായത്തിൽ ILGMS ആരംഭിച്ച 28/09/2020-ൽ നിലവിലുണ്ടായിരുന്ന മാന്വൽ രസീതുകൾ മുഴുവനായും ഡിജിറ്റൽ സ്റ്റോക്കിൽ ഉൾപ്പെടുത്തി മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ക്രമീകരിച്ചിട്ടില്ല.
3. 2020-21 വർഷം വസ്തുനികുതി രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ സഞ്ചയ ഡേറ്റാബേസിലെ

പോസ്റ്റിങ്ങും നീക്കം ചെയ്യുന്നതിന് ILGMS-ൽ സംവിധാനമില്ലായിരുന്നു.

1-12 ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി വായ്പ എടുക്കാതെ വായ്പാ തുക സ്രോതസ്സിൽ കുറവ് ചെയ്തിരിക്കുന്നു

നെടുംകുന്നം ഗ്രാമപഞ്ചായത്ത് നാളിതുവരെ ലൈഫ് മിഷൻ ഭവനപദ്ധതി വഴി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ഭവനനിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടില്ല. എന്നാൽ ധനകാര്യ വകുപ്പിന്റെ 3.8.20ലെ 4461/20/ധന ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയിൽ നിന്നും 117333/- രൂപയും, 14667/- രൂപയും യഥാക്രമം എസ്.സി.എസ്.പി.യിൽ നിന്നും ടി.എസ്.പി.യിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. കൂടാതെ തൻവർഷം 1.1.21ലെ 43/21 ഉത്തരവ് പ്രകാരം അനുവദിച്ച അലോട്ട്മെന്റ് തുകയിൽ നിന്നും 117334/-, 14666/- രൂപ വീതം യഥാക്രമം എസ്.സി.എസ്.പി.യിൽ നിന്നും ടി.എസ്.പി.യിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ആകെ 264000/- രൂപ ഗ്രാമപഞ്ചായത്തിന്റെ അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തെ അലോട്ട്മെന്റിൽ നിന്നും മൂന്ന് പ്രാവശ്യമായി 332874/-രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വായ്പയെടുക്കാതെ വായ്പാ തിരിച്ചടവിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തുക സ്രോതസ്സിൽ കുറവ് ചെയ്തതിന്റെ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുറവ് ചെയ്ത തുക കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.5/18.06.2022) നൽകിയതിന് മറുപടിയായി എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലേയ്ക്കായി അടിയന്തിര പ്രാധാന്യത്തോടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. 2020-21, 2021-22 വർഷങ്ങളിൽ എസ്.സി.പി, റ്റി.എസ്.പി. ഫണ്ടുകളിൽ നിന്നും സ്രോതസിൽ കുറവ് ചെയ്ത 596874/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സമഗ്രമായ സർവ്വേ നടത്തി ആസ്തികൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ആസ്തികൾ സംബന്ധിച്ച രേഖകൾ കാലികമാക്കുന്നതിനും ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിരുന്നോ എന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 2/17.06.2022) മറുപടിയായി സെക്രട്ടറി കൺവീനർ ആയും അസിസ്റ്റന്റ് സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർ ജോയിന്റ് കൺവീനർമാരായും ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര സർവെ നടത്തി ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് 4-5-22 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 14-ാം നമ്പർ തീരുമാനപ്രകാരം പദ്ധതി വിഭാവനം ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആസ്തികളുടെ പ്രതിമാസ, അർദ്ധവാർഷിക, വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി ILGMSമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആസ്തി പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-14 വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല

സഞ്ചയ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം

വാർഡിൽ 459/C നമ്പർ കെട്ടിടത്തിന് 237.7 ച.മീറ്റർ തറവിസ്തീർണ്ണമുണ്ട്. കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 55/- രൂപ നിരക്കിൽ 2019-20 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷ, രജിസ്റ്റർ എന്നിവ പ്രകാരം ടി കെട്ടിടത്തിന് സൂപ്പർമാർക്കറ്റ് എന്ന ഉപയോഗക്രമത്തിന് ലൈസൻസ് നൽകിയതായി കാണുന്നു. സൂപ്പർമാർക്കറ്റ് എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തെ പ്രസ്തുത ഉപയോഗക്രമത്തിലുൾപ്പെടുത്തി 75/-രൂപ നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/18.06.2022)മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുന:നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

സഞ്ചയ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ 12/453 A എന്ന കെട്ടിടനമ്പരുള്ളതും 222 ച.മീറ്റർ തറവിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 35/- രൂപ അടിസ്ഥാനനികുതി നിരക്ക് ചുമത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ അടിസ്ഥന നികുതി നിരക്ക് 75/- രൂപയാണ്. അടിസ്ഥാന നികുതിയിൽത്തന്നെ 8880/- രൂപയുടെ നികുതി നഷ്ടം ഉണ്ടാകുന്നു. ഇപ്രകാരം തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/18.06.2022) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വസ്തുനികുതി പുന:നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി -കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 1081627/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | തിയോഫിലിസ് കോളേജ് ഓഫ് നഴ്സിങ് | ഒന്ന് ,രണ്ട് |
| 2 | പിസിഎം കോളേജ് | ഒന്ന് ,രണ്ട് |
| 3 | മാവേലി സ്റ്റോർ | രണ്ട് |
| 4 | ആവേ മരിയ എഞ്ചിനീയറിംഗ് കോളേജ്, മാന്നുരുത്തി | രണ്ട്. |
| 5 | നെട്ടുംകുന്നം റീജിയണൽ എസ്.സി.ബി നം. 286 | സ്ഥാപനതൊഴിൽ നികുതി |
| 6 | നെട്ടുംകുന്നം സൗത്ത് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് നം.1271 | സ്ഥാപനതൊഴിൽ നികുതി |

തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളുടെയും (ഒരേ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളുടെ ഉൾപ്പെടെ), സൂപ്പർ മാർക്കറ്റുകൾ, ക്ഷീരസഹകരണ സംഘങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, കരാറുകാർ എന്നിവയുൾപ്പെടെ തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ/ ട്രേഡേഴ്സ്/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ/2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/20.06.2022)മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 മാർക്കറ്റ് കട മുറികൾ അറ്റകുറ്റപ്പണി നടത്തുകയോ പൊളിച്ച് പുതിയവ നിർമ്മിക്കുകയോ ചെയ്തില്ല – ലേലം നടക്കാത്തതിനാൽ വരുമാനം നഷ്ടം

ഓഡിറ്റ് വർഷം മാർക്കറ്റ് സ്റ്റാൾ നം. 280, 282, 288, 289, 291, 292, 293, 294, 295, 296 എന്നീ കടമുറികൾ വാടകയ്ക്ക് നൽകിയില്ല. ഇതിൽ 280, 282, 288 നമ്പർ മുറികൾ നിലവിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 289, 291, 292, 293, 294, 295, 296 നമ്പർ മുറികൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായിരുന്ന വാടക ലഭിക്കുമായിരുന്ന ടി ഷോപ്പിംഗ് കോംപ്ലക്സ് യഥാസമയം അറ്റകുറ്റപ്പണി നടത്തുകയോ പ്രവർത്തനസജ്ജമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായോ രേഖയില്ല. ഇതിൽ പല മുറികളും പൊളിച്ച് പണിയാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഉപയോഗയോഗ്യമല്ലാത്ത റൂമുകൾ പൊളിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി 15-1-2019 ലെ 6/2 നം തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/18.6.2022) 291, 292, 293, 294, 295, 296 എന്നീ മുറികൾ ഉപയോഗക്ഷമമല്ലായെന്ന് എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ടി മുറികൾ പൊളിച്ച് മാറ്റി പുതിയ കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. പഞ്ചായത്തിന്റെ തനത് വരുമാനം മെച്ചപ്പെടുത്താനായി ടി കെട്ടിടങ്ങൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുകയോ സർക്കാർ അനുമതി തേടി പൊളിച്ചുമാറ്റി പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയോ ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-19 ലൈസൻസ് സംബന്ധമായ അപാകതകൾ

ഡി & ഒ ലൈസൻസ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(I) ലൈസൻസ് ഫീസ് പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയില്ല

ജി.ഒ.(പി) 80/2017/ത.സ്വഭ.വ തീയതി 31.10.2017 ലെ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതാണ്. ടി ഉത്തരവ് പ്രകാരം മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി 500/- രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പരിഷ്കരിച്ച നിരക്കിനു പകരം മുൻകാലങ്ങളിൽ ഈടാക്കിയ അതേ നിരക്കിൽ 100 ഉം 200 ഉം രൂപ മാത്രമാണ് ഡി & ഒ ഫീസായി ഈടാക്കിയിരിക്കുന്നത്. അനുവദനീയമായ പരമാവധി ലൈസൻസ് ഫീസ് ഈടാക്കാതിരുന്നതിന്റെ ഫലമായി പഞ്ചായത്തിന് ഈയിനത്തിൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/18.6.2022) ഫീസ് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തനത് വരുമാനം വളരെക്കുറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(Ii) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ പലതിലും മൂലധനനിക്ഷേപം, ടേണോവർ, ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ ശരിയായി രേഖപ്പെടുത്തുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. മുൻ വർഷത്തേക്കാൾ ലൈസൻസ് ഫീ കളക്ഷനിലും, ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലും കുറവുണ്ടായി. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/18.6.2022) കോവിഡ് കാലമായതിനാലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതിരുന്നതെന്നും ആയത് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 നീക്കം ചെയ്ത ഷീറ്റ് ഉരുപ്പടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല

പ്രോജക്ട് നം. 140/21 62-ാം നമ്പർ ആര്യാട്ടുകുഴി അങ്കണവാടി മെയിന്റനൻസിന്റെ ഭാഗമായി എംബുക്ക് നം 59/20-21 പേജ് നം 1 പ്രകാരം ഡിസ്മാന്റിൽ ചെയ്ത ആസ്ബസ്റ്റോസ് ഷീറ്റ് 62.90m2 ആയിരുന്നു. എന്നാൽ നീക്കം ചെയ്ത ഷീറ്റിന്റെ വാല്യുവേഷൻ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയതായി ഫയലിലുൾപ്പെടുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്തിന് കൈമാറി ലേലനടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 3/17.06.2022) മറുപടിയായി നീക്കം ചെയ്ത ഷീറ്റ് അങ്കണവാടി പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായും ഷീറ്റ് ഉൾപ്പടെയുള്ള ഉരുപ്പടികൾക്ക് 3473/- രൂപ വാല്യുവേഷൻ നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നുവെന്നും 5-8-21ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/10നമ്പർ തീരുമാനപ്രകാരം ലേലം ചെയ്ത് നൽകുന്നതിന് തീരുമാനം എടുത്തതായി അറിയിച്ചിരുന്നു. ആയത് നാളിതുവരെ ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ലേലനടപടികൾ സ്വീകരിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം പെൻഷണർ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നെടുംകുന്നം ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. പല ഗുണഭോക്താക്കളുടേയും മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ |
|---|---|---|---|---|---|---|---|

| | | | | | ചെയ്ത തീയതി | | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | കുട്ടപ്പൻ | കർഷക തൊഴിലാളി പെൻഷൻ | 2220104402 | 28/3/22 | 23/4/22 | 04/22 മുതൽ 05/22 വരെ | 3200 |
| 2. | ഇന്ദിര മോഹനൻ | വാർദ്ധക്യകാല പെൻഷൻ | 105650241904 | 8/1/22 | 19/1/22 | 02/22 മുതൽ 05/22 വരെ | 6400 |
| 3 | ഫാത്തിമ ബീവി | വാർദ്ധക്യകാല പെൻഷൻ | 105640200288 | 22/8/21 | 11/3/22 | 9/21 മുതൽ 05/22 വരെ | 14400 |
| 4 | എൻ.റ്റി.മാത്യു | കർഷക തൊഴിലാളി പെൻഷൻ | 2220104318 | 6/3/22 | 15/3/22 | 4/22 മുതൽ 5/22 വരെ | 3200 |
| 5 | അലിയാർ റാവുത്തർ | വാർദ്ധക്യകാല പെൻഷൻ | 105640200493 | 21/3/22 | 25/3/22 | 4/22 മുതൽ 5/22 വരെ | 3200 |
| ആകെ | | | | | | | 30400 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 08/2021 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഓഡിറ്റ് വേളയിലും മരണമടഞ്ഞ പല ഗുണഭോക്താക്കളുടേയും പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 09/2020-21,തീയതി 18.6.2022) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ നിലവിൽ നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ തുക അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങുന്ന, നെടുംകുന്നം ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ മരണ റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തെ അറിയിച്ച് പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകതയിന്മേൽ സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ് .

1-22 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 314500/- രൂപ തിരികെ ഈടാക്കണം

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു.സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ, 8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ബഹു.ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ആരംഭിച്ചിട്ടുള്ള ഫയലിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അന്നമ്മ വർഗ്ഗീസ്, ആനക്കുഴിക്കൽ, പത്തായപ്പാറ, പുന്നവേലി പി.ഒ | 105640200858 | 79200 |
| 2 | റെബേക്കാ ജോൺ, കിണറ്റുങ്കൽ, ചേലക്കൊമ്പ് | 105640201002 | 43800 |
| 3 | ഭാനുമതിയമ്മ, സ്തുതിക്കാട്ട്, മുളയംവേലി, നെടുംകുന്നം | 105640600025 | 43600 |
| 4 | പി.എൻ.സരസ്സമ്മ, പവിത്രം, ദേവഗിരി പി.ഒ, കങ്ങഴ | 105640600525 | 47200 |

| | | | |
|---|---|---|---|
| 5 | മിനി ജോൺ, ചക്കാട്ട്, നെടുംകുന്നം പി.ഒ | 105640600691 | 61700 |
| 6 | വൽസമ്മ ജോർജ്ജ്, വെള്ളക്കല്ലുങ്കൽ, ചേലക്കൊമ്പ് പി.ഒ | 105640600761 | 39000 |
| ആകെ | | | 314500 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/2020-21 തീയതി 18.06.2022) തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്ന് അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 90 ടാപ്പുകൾക്കായി പ്രതിമാസം 39375/- രൂപ ചെലവഴിക്കുന്നുണ്ട്. പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. നിലവിൽ ചില ടാപ്പുകൾ പ്രവർത്തനരഹിതമാണെന്നും, പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2022 ലെ സി1 - 366/2022 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതായി കാണുന്നു. സംയുക്തപരിശോധന നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-24 മഴക്കാലപൂർവ്വശുചീകരണം -തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുക ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ചില്ല.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി 21.05.2020 ലെ 22000106-ാം നമ്പർ വൗച്ചർ പ്രകാരം തനത് ഫണ്ടിൽ നിന്നും 150000/- രൂപ നൽകിയിട്ടുണ്ട്. ടി തുക ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18.06.2022) മറുപടി ലഭ്യമാക്കിയില്ല. ടി തുക തിരികെ ലഭ്യമായിട്ടില്ലായെന്ന് എക്സിറ്റ് യോഗത്തിൽ അറിയിച്ചിരുന്നു. ചെലവഴിച്ച തുക ശുചിത്വമിഷനിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 ജില്ലാപഞ്ചായത്തിൽ നിന്നും വിവിധ പ്രൊജക്റ്റുകൾക്കായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല.

കോട്ടയം ജില്ലാപഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ വിവിധ പ്രൊജക്റ്റുകൾക്കായി ലഭിച്ച തുകകൾ പൂർണ്ണമായും വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് കണക്കുകളിൽ അവശേഷിക്കുന്നതായി കാണുന്നു. ടി തുകകൾ തിരികെ അടച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം20/20.06.2022) മറുപടി ലഭ്യമായിരുന്നില്ല. ടി തുകകൾ ജില്ലാപഞ്ചായത്തിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാണികുന്നം തൊട്ടിക്കൽ അങ്കണവാടി നിർമ്മാണത്തിനായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 850000/- രൂപയിൽ ബാക്കി വന്ന 154529/- രൂപ തിരികെ ജില്ലാപഞ്ചായത്തിലേക്ക് അടയ്ക്കാൻ കമ്മറ്റിയുടെ 27-1-21ലെ 2/4 നമ്പരായി തീരുമാനമെടുത്തിരുന്നു. തുക തിരികെ അടച്ചിട്ടില്ല.

2. കിണർ റീചാർജ് പ്രൊജക്റ്റിനായി 2017-18 വർഷം ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 30,00,000/- രൂപയിൽ 13,56170/- രൂപ മാത്രമേ ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിരുന്നുള്ളൂ. ചെലവഴിക്കാതെ നിൽക്കുന്ന 16,43,830/- രൂപ തിരികെ ജില്ലാപഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്.

1-26 വയോജനവിശ്രമകേന്ദ്രം- ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം പൂർണ്ണമായും ആസ്തിയിലുൾപ്പെട്ടിട്ടില്ല

9-ാം വാർഡിൽ മുളയം വേലിയിൽ ബ്ലോക്ക് 18 33/3 ൽപെട്ട ജോസഫ് വർഗീസ് പുളിക്കപതാലിൽ എന്നയാളുടെ കൈവശമുള്ള 4.05 ആർ സ്ഥലവും സർവ്വേ നം.341/2ൽപെട്ട കുര്യാക്കോസ് ഇ ഡി, ഇടവെട്ടാൻ എന്നയാളുടെ 4.05 ആർ സ്ഥലവും 337/4-1ൽപ്പെട്ട മിനി മാത്യു, പെരിഞ്ചേരിൽ എന്നയാളുടെ 4.05 ആർ സ്ഥലവും ഉൾപ്പടെ ആകെ 12.15 ആർ സ്ഥലം ഗ്രാമപഞ്ചായത്തിന് സറണ്ടർ ചെയ്ത് ലഭിച്ചിരുന്നു. ടി സ്ഥലത്ത് ജില്ലാപഞ്ചായത്ത് വയോജനവിശ്രമകേന്ദ്രം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട്. ടി സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി പോക്ക് വരവ് ചെയ്ത് ആസ്തിയിലുൾപ്പെടുത്തുവാൻ 24-8-20ലെ പഞ്ചായത്ത് കമ്മറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു. നടപടികൾ സ്വീകരിച്ചത് രേഖകൾ സഹിതം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 20/20.06.2022) മറുപടി ലഭ്യമായിരുന്നില്ല. 20-06-22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പരിസരം കാടുകയറിയ നിലയിൽ കാണപ്പെട്ടു. 30ലക്ഷം രൂപയോളം ചെലവഴിച്ച് ജില്ലാപഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ സ്ഥലം പൂർണ്ണമായും ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടി പോക്ക് വരവ് ചെയ്ത് ആസ്തിയിലുൾപ്പെടുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിക്കാതെയും രേഖാമൂലമുള്ള അനുമതി ലഭ്യമാക്കാതെയുമാണ് ജില്ലാപഞ്ചായത്ത് കെട്ടിടം പണിതത് എന്ന് എക്സിറ്റ് യോഗത്തിൽ കമ്മറ്റിയംഗങ്ങൾ അറിയിച്ചിട്ടുണ്ട്. ആസ്തിയിലുൾപ്പെടാത്ത സ്ഥലത്ത് കെട്ടിടം പണിത്, അതിന് ശേഷം ആസ്തിയിലുൾപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകുന്ന ജില്ലാപഞ്ചായത്ത് നടപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത വിഷയത്തിൽ മുഴുവൻ സ്ഥലവും ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി ആസ്തിയാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

1-27 സർക്കാർ ഉത്തരവിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 169/21 (വീട്ട് വളപ്പിലെ കുളത്തിലെ മൽസ്യകൃഷി) |
| അടങ്കൽ | 1240000 |
| ചെലവ് | 166616 (വൗച്ചർ നം. 22100009/31.03.2021) |
| ഫണ്ട് | തനത്ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഫിഷറീസ് മേഖലയിലെ പ്രോജക്ടുകളുടെ സബ്സിഡി മാനദണ്ഡം സ.ഉ.(സാധാ)നം 1009/2020/തസ്വഭവ തീയതി 29-5-20 ഖണ്ഡിക 4.5 പ്രകാരം കുടുംബ വാർഷിക വരുമാനം ജനറൽ വിഭാഗത്തിന് 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ വീട്ട് വളപ്പിലെ കുളത്തിലെ മൽസ്യകൃഷി എന്ന പ്രോജക്ടിൽ 5 ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനം ഉള്ള വ്യക്തിയെ ആനുകൂല്യം നൽകുന്നതിന് ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള മിനി കെ. ജോസ്, ഐക്കുളം, നെടുംകുന്നം എന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 791508 രൂപ എന്നാണ് വരുമാന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 5 ലക്ഷം രൂപയിൽ കൂടുതൽ

കുടുംബ വാർഷിക വരുമാനം ഉള്ള ജനറൽ വിഭാഗത്തിലുള്ള വ്യക്തിയെ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ1, തീയതി 17.06.2022) മറുപടിയായി പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവായ മിനി.കെ. ജോസ്, ഐക്കുളം, നെടുംകുന്നം എന്ന വ്യക്തി ഹാജരാക്കിയ റേഷൻകാർഡ് പ്രകാരം ടിയാൾ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളയാളായതിനാലാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നും കൂടാതെ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥന് ചാർജ്ജ് ലഭിക്കുന്നതിന് മുൻപ് തന്നെ ടി പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് മത്സ്യവിത്ത് നിക്ഷേപിച്ചിരുന്നെന്നും തുടർന്ന് ഇതേ പരിഗണനയിൽ സബ്സിഡി ആനുകൂല്യങ്ങൾ നൽകിയെന്നും നിലവിലെ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 5 ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനം ഉള്ള ജനറൽ വിഭാഗത്തിലുള്ള വ്യക്തിയെ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിനാൽ പദ്ധതിയുടെ ഗുണഭോക്താവായ മിനി കെ.ജോസിന് നൽകിയ 26360/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-28 ആശ്രയപദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും നൽകിയ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു

പ്രോജക്ട് നം.S0076/21

വികസനഫണ്ട് -400000

ചെലവ് -400,000

ബിൽ നം.5/20-21 തീ 12.02.21

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ പദ്ധതിയ്ക്കായി തൻവർഷം 400,000/-രൂപ ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ്.ന്റെ അക്കൗണ്ടിലേയ്ക്ക് (നം.3870202840)12.2.21ൽ മാറി നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് നൽകിയ തുകയുടെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/18.06.2022) മറുപടിയായി ആശ്രയ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അർഹരായി 4പേർ മാത്രമാണ് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും, ഇതിൽ ഒരാൾ മാത്രമാണ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതെന്നും അറിയിച്ചിരുന്നു. ഭവനനിർമ്മാണത്തിന് അർഹരായവരെ കണ്ടെത്തുന്നതിന് മുൻപ് തന്നെ പദ്ധതി വിഹിതം സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് നൽകിയ നടപടി ക്രമപ്രകാരമല്ല. ആശ്രയ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടിരിക്കുന്ന 4ലക്ഷം രൂപ വിനിയോഗിച്ച് അർഹതപ്പെട്ടവർക്ക് ഭവനനിർമ്മാണം നടത്തുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അഗതിരഹിത കേരളം പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾ പ്രകാരവും നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അടിയന്തിരമായി ധനസഹായം വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയിരിക്കുന്നു

പ്രോജക്ട് നം. S0071/21

അടങ്കൽ
വികസനഫണ്ട് (എസ്.സി.പി)-450,000

ചെലവ് – 443040 (ബിൽ നം.5/21 തീ15.1.21)

നിർവ്വഹണോദ്യോഗസ്ഥ – ഹെഡ്മാസ്റ്റർ

സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിരു തീ 14.2.18 ഖ7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം,

പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം)ചാർട്ടേഡ് അക്കൗണ്ടന്റ്, ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 30000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങി നൽകാവുന്നതാണ്. 27690/- രൂപ നിരക്കിൽ തൻവർഷം 16 ലാപ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുള്ള വിദ്യാർത്ഥികളിൽ ചിലർ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ള കോഴ്സുകൾക്കല്ല പഠനം നടത്തിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സിന്റെ പേര്/സ്ഥാപനം |
|---|---|
| അനുപമ കെ എ<br>കരോട്ട് വെച്ചൂർ ഹൗസ്<br>ചേലക്കോമ്പ്,നെടുങ്കുന്നം | എയർപോർട്ട്&ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് 3വർഷം,ഫ്ലൈവിംഗ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എവിയേഷൻ &ടൂറിസം |
| സൂര്യ സുദർശനൻ<br>മോടിയിൽ<br>നെടുംങ്കുന്നം | ഡിപ്ലോമ ഇൻ ഇൻഡ്യൻ &ഫോറിൻ അക്കൗണ്ടിംഗ്,ജി ടെക് എഡ്യൂക്കേഷൻ, ഗ്ലോസോഫ്റ്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ചങ്ങനാശേരി |

മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത കോഴ്സുകൾക്ക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.06.2022) മറുപടിയായി ലാപ്ടോപ്പ് കൈപ്പറ്റിയ രണ്ട് വിദ്യാർത്ഥികളും ലാപ്ടോപ്പ് മടക്കി നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും, അവ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി അടുത്ത ഗുണഭോക്താക്കൾക്ക് നൽകി കൊള്ളാമെന്നും അറിയിച്ചിരുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതുവരെ 2 ലാപ്ടോപ്പുകളുടെ വിലയായ 55380/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാപ്ടോപ്പ് അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30-1 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഫണ്ടിനം | നിക്ഷേപിച്ച തുക ബിൽ നം./തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|
| S0002/21,സാമൂഹിക സുരക്ഷാമിഷന് വിഹിതം നൽകൽ | വികസനഫണ്ട്(പൊതുവിഭാഗം) | 200,000(21/20-21 തീ19.10.20) | സാമൂഹിക സുരക്ഷാമിഷൻ |

| | | | |
|---|---|---|---|
| S0355/21, ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | വികസനഫണ്ട്(പൊതുവിഭാഗം) | 100,000(50/21 തീ 29.3.21) | ജില്ലാ പഞ്ചായത്ത് കോട്ടയം |
| | ആകെ | 300,000 | |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ പൂർത്തീകരിച്ച് നിർവ്വഹണസ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/20.06.2022) മറുപടി നൽകിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 300,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30-2 പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. S0202/21

അടങ്കൽ -1460,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക -14,60,000 (ബിൽ നം.45/21തീ29.3.21)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം 14,60,000/- രൂപ വാട്ടർ അതോറിറ്റിയിൽ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷനായി നിക്ഷേപിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.18/20.06.2022) നൽകിയിരുന്നു. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയപ്പോൾ പൈപ്പുകൾ ലഭ്യമാകാതിരുന്ന സാഹചര്യമായിരുന്നതിനാൽ ദർഘാസ് നടപടികൾ ആരംഭിച്ചിരുന്നില്ല എന്നും ഇപ്പോൾ പുതുക്കിയ നിരക്ക് നിലവിൽ വരുകയും അനുപ്രകാരം എസ്റ്റിമേറ്റ് തുക അധികരിച്ചിട്ടുള്ളതിനാൽ അധികരിച്ച തുക 278100/- രൂപ ഒടുക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു എന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കി 278100/- രൂപ 22/03/2022ൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളതായും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 2020-21വർഷം നിക്ഷേപിച്ച 14,60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 പാലിയേറ്റീവ് കെയർ പദ്ധതി - മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല, പി.എം.സി.യോഗം യഥാസമയം കൂടിയില്ല

(I) പ്രോജക്ട് നം. 56/21, പാലിയേറ്റീവ് പരിചരണം

ചെലവ് - 531487/- (വി.ഫ)

നിർവഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ബിൽ നം.22/2020-21 തീ. 14.1.2021 പ്രകാരം 27288/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയെങ്കിലും 12017/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി ലഭിക്കാനുള്ള 15271/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. സമൂഹത്തിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്ന രോഗികൾക്കുള്ള പാലിയേറ്റീവ് ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാകാതിരുന്നാൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ യഥാസമയം നടപ്പാകാതെ

പോകാൻ ഇടയാക്കും. ഉപകരണങ്ങൾ ഉടൻ തന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ലഭിക്കാനുള്ള പാലിയേറ്റീവ് ഉപകരണങ്ങളുടെ വിലയായ 15271/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കി അർഹരായവർക്ക് എത്തിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(ii) 3.7.2020-ന ശേഷം 3.6.2021ൽ മാത്രമാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്. മിനിട്സ് പരിശോധിച്ചതിൽ 3.6.2021 ന് ശേഷം ഓഡിറ്റ് തീയതി വരെ പി.എം.സി യോഗം ചേർന്നിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/18.6.2022) കോവിഡ് സാഹചര്യമായിരുന്നതിനാലാണ് യഥാസമയം യോഗം ചേരാതിരുന്നത് എന്നും അപാകത ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. പി.എം.സി യഥാസമയം യോഗം ചേർന്ന് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിൽ 4 മുതൽ 6 മാസം വരെ പ്രായമായ കിടാരികൾക്ക് ഒന്നര വയസ്സുവരെ ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നല്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പ്രോജക്ട്. 2020-21 വർഷം നടപ്പാക്കിയ കന്നുകുട്ടി പരിപാലനം (പ്രോജക്ട് നം. 62/2021) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ട് 7,50,000/- രൂപ (വി.ഫ-7.5 ലക്ഷം +ഉ.വി.-7.5 ലക്ഷം) ബിൽ നം.7/2020-21 12.2.2021 പ്രകാരം അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/18.6.2022) പദ്ധതി പൂർത്തിയായിട്ടില്ലായെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നുള്ള ചെലവ് തുക 7.5 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രോജക്ട് മോണിട്ടർ ചെയ്യേണ്ടതും കാലിത്തീറ്റ വിതരണം ചെയ്യുന്ന ക്ഷീര സംഘത്തിൽ നിന്നുള്ള ചെലവിന്റെ കൃത്യത പഞ്ചായത്ത് തലത്തിൽ പരിശോധിക്കേണ്ടതുമാണ്.

## 1-33 ലൈഫ് ഭവനപദ്ധതി അവലോകനം

രണ്ടാം ഘട്ടത്തിൽ ആകെയുള്ള 25 ഗുണഭോക്താക്കളിൽ 25 പേരും എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിക്കുകയും ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മൂന്നാം ഘട്ടത്തിൽ ആകെ 102 ഗുണഭോക്താക്കളിൽ 39 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. (എസ്.സി -9 ജനറൽ -30)

ലൈഫ്ഭവന പദ്ധതിയിൽ ആദ്യഗഡു തുകയും, രണ്ടാംഗഡുവായി 1,60,000/- രൂപയും കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ജിനീഷ് റ്റി മഞ്ജു,ചിറക്കുഴിയിൽ | 200,000 |
| മായാദേവി കെ ആർ,പനയ്ക്കൽ | 40,000 |
| റെയ്ച്ചൽ പോൾ,വെള്ളങ്കല്ലുങ്കിൽ | 40,000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നില്ലെങ്കിൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 കോവിഡ് പ്രതിരോധപ്രവർത്തനം.

ഗ്രാമപഞ്ചായത്തിന്റെ വാർഷികധനകാര്യപത്രിക പ്രകാരം 2020-21 വർഷം പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾക്കായി 471355/-രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് രണ്ട് കോവിഡ് കെയർ സെന്ററുകൾ തൻവർഷം പ്രവർത്തിച്ചിരുന്നെങ്കിലും ഇതുമായി ബന്ധപ്പെട്ട വരവു ചെലവു കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചതും തിരികെ ലഭിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-35 ബാരൽ വില തിരികെ അടച്ചു - ഓഡിറ്റ് ഇംപാക്ട്

റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാരൽ വില (238+18%GST=281/-) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം കരാറുകാരന് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. പ്രൊ.നം 156/21 പെരുമാത്ര സഞ്ജീവനി റോഡ് ടാറിങ്ങ് എന്ന പ്രൊജക്ടിന്റെ ഭാഗമായി 284m നീളത്തിൽ റോഡ് ടാറ് ചെയ്യുന്നതിന് 18 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിരുന്നു. ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 3) മറുപടിയായി ബാരൽവിലയായ 5058/- രൂപ ട്രഷറിയിൽ അടച്ച് ചെലാൻ പകർപ്പ് സഹിതം ഹാജരാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സർക്കാർ ഉത്തരവിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 169/21 (വീട്ട് വളപ്പിലെ കുളത്തിലെ മൽസ്യകൃഷി) |
| അടങ്കൽ | 1240000 |
| ചെലവ് | 166616 (വൗച്ചർ നം. 22100009/31.03.2021) |
| ഫണ്ട് | തനത്ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഫിഷറീസ് മേഖലയിലെ പ്രോജക്ടുകളുടെ സബ്സിഡി മാനദണ്ഡം സ.ഉ.(സാധാ)നം 1009/2020/തസ്വഭവ തീയതി 29-5-20 ഖണ്ഡിക 4.5 പ്രകാരം കുടുംബ വാർഷിക വരുമാനം ജനറൽ വിഭാഗത്തിന് 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ വീട്ട് വളപ്പിലെ കുളത്തിലെ മൽസ്യകൃഷി എന്ന പ്രോജക്ടിൽ 5 ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനം ഉള്ള വ്യക്തിയെ ആനുകൂല്യം നൽകുന്നതിന് ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള മിനി കെ. ജോസ്, ഐക്കളം, നെടുംകുന്നം എന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 791508

രൂപ എന്നാണ് വരുമാന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 5 ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനം ഉള്ള ജനറൽ വിഭാഗത്തിലുള്ള വ്യക്തിയെ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ1, തീയതി 17.06.2022) മറുപടിയായി പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവായ മിനി.കെ. ജോസ്, ഐക്കുളം, നെടുംകുന്നം എന്ന വ്യക്തി ഹാജരാക്കിയ റേഷൻകാർഡ് പ്രകാരം ടിയാൾ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളയാളായതിനാലാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നും കൂടാതെ നിലവിലെ നിർവഹണ ഉദ്യോഗസ്ഥന് ചാർജ്ജ് ലഭിക്കുന്നതിന് മുൻപ് തന്നെ ടി പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് മത്സ്യവിത്ത് നിക്ഷേപിച്ചിരുന്നെന്നും തുടർന്ന് ഇതേ പരിഗണനയിൽ സബ്സിഡി ആനുകൂല്യങ്ങൾ നൽകിയെന്നും നിലവിലെ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 5 ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനം ഉള്ള ജനറൽ വിഭാഗത്തിലുള്ള വ്യക്തിയെ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിനാൽ പദ്ധതിയുടെ ഗുണഭേക്താവായ മിനി കെ.ജോസിന് നൽകിയ 26360/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 18.06.2022 |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2020-21 | 200000 | ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ (100/21) | 200000 | 0 |
| | 2020-21 | 1196000 | ലൈഫ് പദ്ധതി (176/21) | 1196000 | |
| | 2020-21 | 320000 | ലൈഫ് പദ്ധതി (102/21) | 320000 | |
| | 2020-21 | 500000 | 110 നമ്പർ കൊച്ചുകുളം അങ്കണവാടി നിർമ്മാണം(39/21) | 500000 | |
| | 2020-21 | 192000 | ലൈഫ് പദ്ധതി (200/21) | 192000 | |
| | 2020-21 | 469230 | ലൈഫ് പദ്ധതി (127/21) | 469230 | |
| ആകെ | | 2877230/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2877230/- | - |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 2604000 | ലൈഫ് പദ്ധതി (176/21) | 2604000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 225000 | ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ (100/21) | 225000 | |

| | | | | | |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 640000 | ലൈഫ് പദ്ധതി (102/21) | 640000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 520000 | ലൈഫ് പദ്ധതി (127/21) | 520000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 33000 | ലൈഫ് പദ്ധതി (200/21) | 33000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 596590 | സ്നേഹസ്പർശം -വൃദ്ധർക്ക് കട്ടിൽ(21/21) | 596590 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | അങ്കണവാടി പോഷകാഹാരം(11/21) | 200000 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2020-21 | 280000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (12/21) | 280000 | |
| ആകെ | | 5098590/- | ജില്ലാ പഞ്ചായത്ത് വിഹിതം | 5098590/- | - |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 14,60,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | തുക നൽകിയ ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (202/21) | കേരള വാട്ടർ അതോറിറ്റി | 14,60,000/- | 0/- | 14,60,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ സാധാ 6105/19 ഫിൻ തീയതി 01.08.2018 | 1582480 | 6300000 | 7882480 | 483255 | 0 | 7399225 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1992561 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ വരവ് | 154423 |
| ആകെ | 2146984 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2146984 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | എഫ്.ഡി.നം | വർഷാരംഭത്തിലുണ്ടായിരുന്ന തുക | വർഷാവസാനം തുക |
|---|---|---|---|---|
| സ്ഥിര നിക്ഷേപം | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 0633/17.10.20 | 587256/- | 632768 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 882/17.10.16 | 637174/- | 686555 |
| | നെടുംകുന്നം | 722/17.2.17 | 384065 | 413830 |

| | | | | |
|---|---|---|---|---|
| | സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | | | |
| | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 15016/16.2.17 | 384066/- | 413831 |
| ആകെ | | | | 2146984 |

4-7 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻപാറ ജലസേചന പദ്ധതി- ആവിഷ്കരണത്തിൽ അപാകത -തുക പാഴ്ച്ചെലവായി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | ,, |
| 2014-15 | 2-8 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി | ,, |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ,, |
| 2019-20 | 1-30 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസറുടെ പദ്ധതികൾ | ,, |

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ | | 115393651/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82881587/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26360 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2580651 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 26360 | ശ്രീമതി ബ്ലെസി ജോഷി, ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 55380 | ശ്രീമതി കെ.ബീന, ഹെഡ്മിസ്ട്രസ് |
| 1-30-1 | 200000 | ശ്രീ.മേരിസൺ മൈക്കിൾ, സെക്രട്ടറി |
| 1-30-1 | 100000 | ശ്രീമതി ഹസീന അഹമ്മദ് സെക്രട്ടറി(ഇൻ- ചാർജ്) |
| 1-30-2 | 1460000 | ശ്രീമതി ഹസീന അഹമ്മദ് സെക്രട്ടറി(ഇൻ- ചാർജ്) |
| 1-31 | 15271 | ഡോ. രാജേഷ് എബ്രഹാം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-32 | 750000 | ഡോ മായ ജയിംസ്, വെറ്ററിനറി സർജൻ |
| ആകെ | 2580651 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബ്ലെസി ജോഷി, ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് | തേരലശ്ശേരിൽ, എരുമപ്രമറ്റം പി.ഒ., മൂന്നിലവ് |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018) 181(4)/18 /21.2.18 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181 (5)/18 /21.2.18 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018) 181(6)/18/21.2.18 | 8 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി5-1549/2016(7)/ 30.12.17 | 1 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181 (7)/18 /21.2.18 | 1 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018) 181(8)18/21.2.18 | 2 |
| 2012-13 | എൽ.എഫ്.കെ.പി5/491/15/3.8.15 | 22 |
| 2013-14 | എൽ.എഫ്.കെ.പി5/814/2016/7.9.16 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5-605/2018/7.4.18 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5-1743/2021/ 02.02.2022 | 15 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5-686/2021/ 05.01.2022 | 4 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/687/2021/03.02.2022 | 5 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/688/2021/03.02.2022 | 6 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1493/2020/30.01.2021 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്